2009, ഖുത്വ്ബ നമ്പര്‍- 07

بسم الله الرحمن الرحيم

13.02.2009
ബയ്ത്തുല്‍ ഫുതൂഹ്,
ലണ്ടന്‍

# സ്വിറാത്തുല്‍ മുസ്തഖീം
# അഥവാ
# നേരായ മാര്‍ഗ്ഗം

കഴിഞ്ഞ ഖുത്ബയില്‍ ഞാന്‍ اهْدِنَا الصِّرَاطَ الْمُسْتَقِيمَ എന്നതിനെ സംബന്ധിച്ച് പറഞ്ഞപ്പോള്‍, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാനനിര്‍ഭരമായ നിര്‍ദ്ദേശങ്ങളുടെ വെളിച്ചത്തില്‍, ഈ പ്രാര്‍ത്ഥനയില്‍ വാഗ്ദത്ത മസീഹിന്റെ നിയോഗത്തെക്കുറിച്ചും ഇതില്‍ മുഹമ്മദീ പരമ്പരയില്‍നിന്നു മാത്രമേ വാഗ്ദത്ത മസീഹ് വരികയുള്ളൂ എന്നതിനെക്കുറിച്ചും ഇതില്‍ കാലത്തിന്റെ ഇമാമിനെ സ്വീകരിക്കണമെന്ന് കല്പനയുണ്ട് എന്നതിനെ കുറിച്ചും പറഞ്ഞിരുന്നു. മുസ്‌ലിംകള്‍ ഇതില്‍ ചിന്തിക്കേണ്ടതാണ്. മുസ്‌ലിംകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മുസ്‌ലിം രാഷ്ട്രങ്ങളുടെ അന്തസ്സ് വീണ്ടെടുക്കുന്നതിനും അത് നിലനിറുത്തുന്നതിനും ഇതുമാത്രാണ് ഒരേയൊരു വഴി. അതായത് നബി(സ)യുടെ പ്രവചനമനുസരിച്ച് വന്നിട്ടുള്ള അല്ലാഹുവിന്റെ ഈ ദൂതനെ സ്വീകരിക്കുക. ഇതു മനസ്സിലാക്കാന്‍ മുസ്‌ലിംകളെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഇന്ന് ഞാന്‍ ഈ വചനമുദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുവേണ്ടി എന്തൊന്ന് നിര്‍ദ്ദേശങ്ങളാണോ നല്കിയിട്ടുള്ളത്, അവയില്‍ ചിലത് നിങ്ങളോട് പറയുന്നതാണ്; ഈ പ്രാര്‍ത്ഥനയില്‍ എത്രമാത്രം വിശാലതയാണുള്ളതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം നമ്മുടെ ഉത്തരവാദിത്തം എന്തൊക്കെയായിരിക്കണമെന്നും, എന്താണ് നമ്മുടെ ലക്ഷ്യബോധം എന്നും മനസ്സിലാക്കുന്നതിനു വേണ്ടിയാണിത്. നമ്മുടെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കുവേണ്ടി നാം എന്താണ് ചെയ്യേണ്ടത്? എങ്ങനെയാണ് നാം ദുആ ചെയ്യേണ്ടത്? ഇതുസംബന്ധമായി ഒന്ന്, രണ്ട് ഉദ്ധരണികള്‍ ഞാന്‍ കേള്‍പ്പിക്കുന്നതാണ്. പക്ഷേ, അതിനു മുമ്പേ ചില പ്രധാന കാര്യങ്ങള്‍ പറയാനാഗ്രഹിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹിദായത്ത് എന്നതിന്റെ അര്‍ത്ഥങ്ങളുടെ ചുരുക്കം വിവിധ നിഘണ്ടുക്കളില്‍ നിന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. അത് തന്റെ വാക്കുകളില്‍ വിവരിച്ചിട്ടുണ്ട്. അതില്‍ മൂന്ന് കാര്യങ്ങള്‍ പ്രധാനമായും പറഞ്ഞിരിക്കുന്നു. വഴി കാണിക്കുക. വഴിവരെ എത്തിക്കുക. ലക്ഷ്യസ്ഥാനംവരെ എത്തിക്കുക. 'വഴി കാണിക്കുക, വഴിവരെ എത്തിക്കുക' എന്നത് ഒരു കാര്യമല്ല. നോക്കുമ്പോള്‍ അത് ഒന്നായിട്ട് തോന്നാം. മനുഷ്യന്‍ വഴി, ദൂരെനിന്നുകൊണ്ട് കാണിച്ചുകൊടുക്കാറുണ്ട്. ഈ വഴി ഇന്ന സ്ഥലംവരെ പോകുന്നുവെന്ന് പറയാറുണ്ട്. വഴിവരെ എത്തിക്കുക, എന്നതിന്റെ അര്‍ത്ഥം അയാള്‍ക്ക് പോകാനുള്ള സ്ഥലത്തേക്കുള്ള നേരായ വഴിവരെ കൊണ്ടെത്തിക്കുക എന്നാണ്. പിന്നീട് കൂടെ നടന്ന് അയാള്‍ക്ക് എവിടെയാണോ പോകേണ്ടത് അവിടംവരെ എത്തിക്കുക എന്നതാണ്. ഇതാണ് ഇതിന്റെ അര്‍ത്ഥം. വിശുദ്ധഖുര്‍ആനിലും ഈ വിഷയത്തെ പരാമര്‍ശിച്ച് വിവിധ വചനങ്ങളില്‍ ഹിദായത്തിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. اهْدِنَا الصِّرَاطَ الْمُسْتَقِيمَ എന്ന് ദുആ ചെയ്യുമ്പോള്‍ നാം ആ ഉദ്ദേശ്യത്തോടെയാണ് ദുആ ചെയ്യുന്നത്. അങ്ങനെയാണ് വേണ്ടതും. അല്ലാഹുവേ, നീ ഞങ്ങളെ നേരായ വഴിയിലേക്ക് നയിച്ചാലും. അത് നന്മയിലേക്ക് കൊണ്ടുപോകുന്ന വഴിയായിരിക്കേണമേ. പിന്നീട് ഞങ്ങള്‍ അതിലൂടെ നടന്ന് നന്മകള്‍ കരസ്ഥമാക്കുന്നവരാകേണമേ. വെറും വഴി മാത്രം കാണിച്ചുതന്നാല്‍ പോരാ, മറിച്ച് ഞങ്ങള്‍ അതിലൂടെ നടന്നുകൊണ്ടേയിരിക്കണം. കൂടുതല്‍ നന്മകള്‍ കരസ്ഥമാക്കുകയും വേണം. ഈ പ്രവൃത്തി നടന്നുകൊണ്ടേപോകണം. എന്നിട്ട് വീണ്ടും അടുത്ത ഘട്ടത്തിലേക്ക് പദമൂന്നണം. അതിനാല്‍ ഈ പ്രാര്‍ത്ഥന ചെയ്തുകഴിഞ്ഞാല്‍ പിന്നെ മനുഷ്യന് കൈയും കെട്ടിയിരിക്കാന്‍ സാധിക്കുകയില്ല. ഒരു സത്യവിശ്വാസിക്ക് വെറുതെയിരിക്കാന്‍ പറ്റുകയില്ല. മറിച്ച് അവന്‍ ആത്മീയതയില്‍ എപ്പോഴും കൂടുതല്‍ പരിശ്രമിച്ചുകൊണ്ടിരിക്കും. ഭൗതികമായ അഭിവൃദ്ധിയിലും പുതിയ പുതിയ പദവികള്‍ കരസ്ഥമാക്കാന്‍ ശ്രമിക്കുകയും ചെയ്യും. ഭൗതികമായി പൊതുവെ നാം അഭിവൃദ്ധിപ്പെടാന്‍ ശ്രമിക്കാറുണ്ട്. എന്നല്ല കഠിനാധ്വാനം ചെയ്യുകതന്നെ ചെയ്യും. പക്ഷേ, ആത്മീയതയ്ക്കായി അത്ര പരിശ്രമിക്കുന്നുണ്ടാവുകയില്ല. എന്തായാലും ഈ പ്രാര്‍ത്ഥനയില്‍ രണ്ട് രീതിയിലുള്ള പരിശ്രമത്തേയും കുറിച്ചാണ് പറഞ്ഞിട്ടുള്ളത്; ആത്മീയത്തേയും ഭൗതികത്തേയും സംബന്ധിച്ച്. മറ്റൊന്ന് ഈ പ്രാര്‍ത്ഥനയില്‍ സന്യാസത്തെ തടയുന്നു എന്നതാണ്. ഭൗതികലോകത്തുനിന്ന് ബന്ധം വിച്ഛേദിച്ച് ചിലയാളുകള്‍ അങ്ങനെ ചെയ്യാറുണ്ട്. ഇതില്‍ അതിനെ വിരോധിക്കുന്നു. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിനോടൊപ്പം നിരവധി അനുഗ്രഹങ്ങളും സൃഷ്ടിക്കുകയുണ്ടായി. അത് കരസ്ഥമാക്കാന്‍ ശ്രമിക്കണമെന്നും വിശുദ്ധഖുര്‍ആന്‍ പറയുന്നു. അത് കൈവരിക്കാന്‍ കഠിനമായി പരിശ്രമിക്കണമെന്ന് പറയുമ്പോള്‍ അതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ സകല അനുഗ്രഹങ്ങളും അവന്‍ മനുഷ്യനുവേണ്ടി സൃഷ്ടിച്ചിട്ടുള്ളതാണെന്നാണ്. അവനെ സൃഷ്ടികുലോത്തമനാക്കിയിരിക്കുന്നു. അത് കരസ്ഥമാക്കാന്‍ അവന്‍ ശ്രമിക്കേണ്ടതാണ്. അല്ലാതെ ലോകത്തോടുള്ള ബന്ധം വിച്ഛേദിക്കുകയല്ല. ഭൗതികരംഗത്തെ ജ്ഞാനവിജ്ഞാനങ്ങളിലും പുരോഗതി നേടേണ്ടതാണ്. ഞാന്‍ പറഞ്ഞതുപോലെ അതിനുള്ള ദുആയും കൂടിയാണ്.

ആത്മീയനിലകളിൽ വളർന്നുവളർന്ന് പോകാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുമുള്ള ദുആയാണിത്. ഹിദായത്ത് നല്കാൻ അല്ലാഹുവിനു മാത്രമേ കഴിയുകയുള്ളൂ. انَّ هُدَى اللهِ هُوَ الْهُدٰى എന്ന് അവൻ പറഞ്ഞതുപോലെതന്നെ. അല്ലാഹുവിന്റെ ഹിദായത്തുതന്നെയാണ് യഥാർത്ഥ ഹിദായത്ത്. അതുകൊണ്ട് ഏത് കാര്യത്തിൽ സന്മാർഗ്ഗം സമ്പാദിക്കണമെങ്കിലും, അല്ലാഹുവിനോട് ചോദിക്കേണ്ടതാണെന്നുള്ള ദുആ അവൻ പഠിപ്പിച്ചു. اهْدِنَا الصِّرَاطَ الْمُسْتَقِيمَ ഞങ്ങളെ നേരായ പാതയിലൂടെ നടത്തേണമേ. ചോദിക്കപ്പെടുന്ന ഓരോ വസ്തുവും കരസ്ഥമാക്കുന്നതിലേക്കുള്ള നിർ ണ്ണിത വഴിയിലേക്ക് ഞങ്ങളെ നയിച്ചാലും; നാം ശരിയായ നിലയിൽ അതിലൂടെ നടക്കുന്നതിനും അത് കരസ്ഥമാക്കുന്നതിനും അത് എത്രയും വേഗം കരസ്ഥമാക്കുന്നതിനും വേണ്ടി. ഈ ദുആ പുരോഗതി കരസ്ഥമാക്കുന്നതിന് അനിവാര്യമാണ്. ഈ ദുആയോടൊപ്പം മനുഷ്യൻ അല്ലാഹുവിനോട് പറയുന്നത്, എന്റെ ജോലിയെല്ലാം അനുവദനീയമായ മാർഗ്ഗത്തിലൂടെ സാധിക്കുന്നതിനുള്ള വഴിയൊരുക്കേണമേ എന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് ആ ലക്ഷ്യസ്ഥാനത്ത് എത്തിക്കഴിഞ്ഞാൽ അടുത്ത നിലയിലേക്കും കയറിപ്പോകാൻ മാർഗ്ഗദർശനം നല്കിയാലും എന്നാണ്. സമയം പാഴാക്കാതെ, അടുത്ത ഘട്ടത്തിലേക്കും സുഗമമായി നീങ്ങുന്നതിനും വേണ്ടിയാണിത്. അങ്ങനെ പടികൾക്കുമീതെ പടികൾ തരണം ചെയ്തുകൊണ്ടേപോകുക.

ഇവിടെ മറ്റൊരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. അല്ലാഹു നമ്മെ 'ഇഹ്ദിനാ' എന്ന പ്രാർത്ഥനയാണ് പഠിപ്പിച്ചത്. اهْدِنَا الصِّرَاطَ الْمُسْتَقِيمَ ഞങ്ങളെ നേരായ വഴിയിലൂടെ നടത്തേണമേ. മനുഷ്യൻ തന്റെ വ്യക്തിപരമായ പുരോഗതിക്കുവേണ്ടിയും ദുആ ചെയ്യാറുണ്ട് എന്നതിൽ സംശയമില്ല. പക്ഷേ, ഒരു ജമാഅത്തിൽ ചേർന്നുകഴിഞ്ഞാൽ നമ്മുടെ ചിന്താഗതികളും പ്രാർത്ഥനകളുടെ ധാരകളും ജമാഅത്തിനെ മുന്നിൽകണ്ടും ചെയ്യേണ്ടതാണ്. അതുകൊണ്ട് വ്യക്തിപരമായ ബലഹീനതകൾ അകറ്റുന്നതിനുവേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം, അതിന് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. اهْدِنَا الصِّرَاطَ الْمُسْتَقِيمَ അതായത് ഞങ്ങളെ നേരായ വഴിയിലൂടെ, വിജയത്തിന്റെ വഴിയിലൂടെ എത്രയും വേഗം തരണം ചെയ്യാൻ പറ്റിയ വഴികളിലൂടെ നയിച്ചാലും. അപ്പോൾ തന്റെ കണക്കും മനുഷ്യൻ സ്വയം എടുത്തുകൊണ്ടിരിക്കുന്നതാണ്. അതായത്, ജമാഅത്തിലെ ഒരംഗം എന്ന നിലയിൽ താൻ ഇതിൽ ഏതു ഭാഗമാണ് ചെയ്തുകൊണ്ടിരിക്കുന്നത്? ആത്മീയതയെ വർദ്ധിപ്പിക്കാൻ താൻ എത്രത്തോളം പരിശ്രമിച്ചു? സമസൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ എത്രത്തോളം പരിശ്രമിച്ചു? ഞങ്ങളെ ഹിദായത്തിന്റെ വഴി കാണിക്കുക എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരോട് വ്യക്തിപരമായ വൈരാഗ്യം എങ്ങനെയുണ്ടാകാനാണ്? നമ്മൾ നേരായ പാതയിലൂടെ നയിക്കേണ്ടവരാണ്. അവിടെ വ്യക്തിപരമായ നേട്ടം ഉണ്ടാക്കുന്നതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിക്കും അതിന്റെ അഖണ്ഡതയ്ക്കും  നമ്മുടെ ആത്മീയാവസ്ഥയുടെ അഭിവൃദ്ധിക്കും വൈ ജ്ഞാനികാവസ്ഥയുടെ പുരോഗതിക്കും പ്രവർത്തനാഭിവൃദ്ധിക്കും വേണ്ടി പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് പുരോഗതിയുടേയും സന്മാർഗ്ഗത്തിന്റേയും വഴികൾ തുറന്നുകൊണ്ടുപോകുന്നത്. وَالَّذِيْنَ اهْتَدَوْا زَادَهُمْ هُدًى സന്മാർഗ്ഗം പ്രാപിക്കുന്നവർ, അല്ലാഹു അവരുടെ സന്മാർഗ്ഗം വർദ്ധിപ്പിച്ചുകൊണ്ടേപോകുന്നു. നന്മകളിൽ നിലകൊള്ളുകയും സ്ഥൈര്യം കാണിക്കുകയും അല്ലാഹുവിൽനിന്ന് കൂടുതൽ ഹിദായത്തിനായി ചോദിക്കുകയും ചെയ്യുന്നതുകൊണ്ട് വ്യക്തിപരമായ ആത്മീയാഭിവൃദ്ധിയുമുണ്ട്. ജമാഅത്തിയായ ആത്മീയാഭിവൃദ്ധിയുമുണ്ട്. എന്നല്ല എല്ലാ തരത്തിലുള്ള ഭൗതികാഭിവൃദ്ധിയുമുണ്ട്.

നമ്മൾ നമസ്കാരത്തിൽ ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന ഈ പ്രാർത്ഥന സാധാരണനിലയിലുള്ള പ്രാർത്ഥനയല്ല. ഓരോ നമസ്കാരത്തിന്റേയും ഓരോ റക്അത്തിലും ഈ പ്രാർത്ഥന ചെയ്യുന്നു. എന്നല്ല, ഈ പ്രാർത്ഥന ഉള്ളിന്റെയുള്ളിൽനിന്ന് പുറപ്പെടുകയാണെങ്കിൽ അത് വിജയങ്ങളുടെ നവംനവങ്ങളായ വഴികൾ നമുക്ക് തുറന്നുതരികയാണ്. ഞാൻ പറയുകയുണ്ടായി, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിലെ വിവിധ വിഷയങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഈ പ്രാർത്ഥന എല്ലാ നിലകളേയും വലയം ചെയ്തു നില്ക്കുന്നു എന്ന കാര്യം വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:

"പറഞ്ഞതിന്റെ ചുരുക്കമിതാണ്. اهْدِنَا الصِّرَاطَ الْمُسْتَقِيمَ എന്ന പ്രാർത്ഥന മനുഷ്യന് എല്ലാ വിധ വക്രതകളിൽ നിന്നും മോചനം നല്കുന്നു. അവനിൽ നേരായ മതത്തെ വെളിപ്പെടുത്തുന്നു." (എന്നെന്നും നിലനില്ക്കുന്ന ഇസ്ലാം ദീനിനെ അവന് വ്യക്തമാക്കിക്കൊടുക്കുന്നു. അതായത് അതിന് എന്തെന്തെല്ലാം വഴികളാണുള്ളതെന്ന്) "അവനെ ശൂന്യമായ വീട്ടിൽനിന്ന് പുറത്തെടുത്ത് കായ്കനികളും സുഗന്ധങ്ങളും കൊണ്ട് നിറഞ്ഞ ആരാമങ്ങളിലേക്ക് കൊണ്ടുപോകുന്നു. കൂടുതൽ കരഞ്ഞ് കേണപേക്ഷിച്ചുകൊണ്ട് ഈ ദുആ ചെയ്യുന്ന ഏതൊരു വ്യക്തിയേയും അല്ലാഹു നന്മയിലും അനുഗ്രഹത്തിലും അഭിവൃദ്ധിപ്പെടുത്തുന്നു." (ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറഞ്ഞു, ഈ ദുആ ഒരിക്കൽ ചെയ്താൽ പോരാ, നമസ്കാരത്തിൽ ഓതിയാൽ പോരാ, ആവർത്തിച്ചാവർത്തിച്ച് ചെയ്തുകൊണ്ടിരിക്കേണ്ടതാണ്; അപ്പോൾ ആവർത്തിച്ചാവർത്തിച്ച് അതിന്റെ അർത്ഥം നമുക്ക് ഓർമ്മ വരും. പിന്നീട് അല്ലാഹുവിലേക്ക് കൂടുതൽ കുനിയണമെന്ന ശ്രദ്ധയുണ്ടാകുന്നു. ഈ ദുആ സ്വീകരിക്കുന്നതിന്, ഹൃദയത്തിന്റെ ഉള്ളിൽനിന്ന് ഒരു 'ആഹ്' പുറപ്പെടണം) "ദുആ കൊണ്ട് തന്നെയാണ് നബിമാർ റഹ്മാനായ അല്ലാഹുവിന്റെ സ്നേഹം സമ്പാദിച്ചത്. തങ്ങളുടെ അവസാനകാലംവരെ ഒരു നിമിഷംപോലും അവർ പ്രാർത്ഥന ഉപേക്ഷിച്ചില്ല.

ഈ പ്രാർത്ഥനയിൽ അലംഭാവം കാണിക്കുക എന്നത് ആർക്കും ചേർന്നതല്ല. അല്ലെങ്കിൽ ഈ ഉദ്ദേശ്യത്തിൽ നിന്ന് മുഖം തിരിച്ചുകളയുക എന്നത് ആർക്കും ചേർന്ന തല്ല; അത് നബിയായാലും വേണ്ടില്ല, റസൂൽമാരിൽ ആരാ യാലും വേണ്ടില്ല. എന്തുകൊണ്ടെന്നാൽ റുശുദ് (സദാ ചാരബോധം)ന്റേയും സന്മാർഗ്ഗത്തിന്റേയും (ഹിദായത്ത്) നിലകൾ ഒരിക്കലും അവസാനിച്ചുപോകുകയില്ല." (ഒരു പ്രാവശ്യം ദുആ ചെയ്തുയുടനെ ലക്ഷ്യസ്ഥാനത്ത് എത്തി ച്ചേരാൻ നബിമാർക്കും സാധിക്കുകയില്ല. മറിച്ച് അവർ ക്കായി അല്ലാഹു ഉണ്ടാക്കിയിട്ടുള്ള കഴിവുകളുടെ അടി സ്ഥാനത്തിൽ അവർക്കും മുമ്പിലോട്ട് വഴികൾ തുറന്നു കിടക്കുന്നു) "ഹിദായത്തിന്റെ നിലകൾ ഒരിക്കലും അവ സാനിച്ചു പോകുകയില്ല. പ്രത്യുത, അത് അതിരറ്റതാണ്. ബുദ്ധി യുടേയും വിവേകത്തിന്റേയും ദൃഷ്ടികൾ അവ വരെ എത്തി പ്പെടുകയില്ല. അതുകൊണ്ടാണ് അല്ലാഹു തന്റെ ദാസർക്ക് ഈ ദുആ പഠിപ്പിച്ചത്. അതിനെ നമസ്കാരത്തിന്റെ അച്ചു തണ്ടാക്കുകയും ചെയ്തു." (ഇതൊരു അടിസ്ഥാനപര മായ കാര്യമാണ്. അതുകൊണ്ട് اهْدِنَا الصِّرَاطَ الْمُسْتَقِيمَ എന്ന പ്രാർത്ഥന പ്രത്യേകമായ നിലയിൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുക). "ജനങ്ങൾ അതിന്റെ സന്മാർഗ്ഗ ത്തിൽ നിന്ന് ഫലമെടുക്കാനും അതുമുഖേന തൗഹീദിനെ സമ്പൂർണ്ണമാക്കാനും അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ ഓർമ്മിക്കാനും അന്യാരാധകരുടെ അന്യാരാധനയിൽ നിന്ന് മോക്ഷം പ്രാപിക്കാനും വേണ്ടിയാണിത്. ഈ ദുആ യുടെ അത്ഭുതങ്ങളിൽ ഒന്ന്, അത് ജനങ്ങളുടെ സകല നിലകളേയും ചൂഴ്ന്നു നില്ക്കുന്നു എന്നതാണ്." (ഹിദാ യത്തിന്റെ മർത്തബകൾ ഒരിക്കലും അവസാനിച്ചുപോ കുകയില്ല. ഓരോ മർത്തബയിൽ എത്തുമ്പോഴും പുതിയ മർത്തബ കിട്ടിക്കൊണ്ടേപോകുന്നു. എല്ലാ വിഭാഗത്തിൽ പെട്ടവർക്കും ഇതിനെ പ്രയോജനപ്പെടുത്താവുന്നതാണ്. ബലഹീന വിശ്വാസികളും ഇതിൽനിന്ന് ഫലമെടുക്കുന്ന താണ്. നിരീശ്വരവാദികളും നിർമ്മതവാദികളും ഇതിൽ നിന്ന് ഫലമെടുക്കും; അവർ അല്ലാഹുവിലേക്ക് തിരിയു ന്നതിനു വേണ്ടിയാണിത്. ഓരോരുത്തരുടേയും നില യുടെ അടിസ്ഥാനത്തിൽ ഈ പ്രാർത്ഥന അവരെ അടു ത്തനിലയിലേക്ക് കൊണ്ടുപോകുന്നു; സദുദ്ദേശ്യത്തോ ടുകൂടി ഈ ദുആ ചെയ്യുകയാണെങ്കിൽ.) "എല്ലാ ഓരോ വ്യക്തിയേയും ഇത് വലയം ചെയ്തു നില്ക്കുകയാണ്. ഇതൊരു അതിരില്ലാത്ത പ്രാർത്ഥനയാണ്. ഇതിന് ഒരു അതിർത്തിയോ അറ്റമോ ഇല്ല. ഇതിനൊരു അഗ്രമോ കരയോ ഇല്ല." (ഇത് നിന്നുപോകുന്ന ഒരു സ്ഥലമില്ല.) "അല്ലാഹുവിന്റെ ആരിഫീങ്ങളെപോലെ ഈ പ്രാർത്ഥന പതിവായി ചെയ്യുന്നവർ ഭാഗ്യവാന്മാരാണ്; മുറിവേറ്റ് ചോര യൊഴുകുന്ന ഹൃദയത്തോടെയും മുറിവുകൾ സഹിക്കുന്ന ആത്മാവോടുകൂടിയും ശാന്തി പ്രാപിച്ച മനസ്സോടുകൂടിയും ദുആ ചെയ്യുന്നവർ." (ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ ഞ്ഞത് ഒരു വേദനയോടുകൂടി ഈ പ്രാർത്ഥന ചെയ്യണ മെന്നാണ്. മുറിവേല്ക്കുമ്പോഴുണ്ടാകുന്ന വേദന പോലെ; അതിലും മനുഷ്യൻ ക്ഷമിക്കാറുണ്ട്. അവൻ ചോദിച്ചു കൊണ്ടേപോകുന്നു. അതിനുള്ള ചികിത്സ നടത്തിക്കൊ ണ്ടേയിരിക്കുന്നു. ശാന്തിപ്രാപിച്ച ആത്മാവോടുകൂടി അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടുകൊണ്ട് തന്റെ അവസാനനിലവരെ തരണം ചെയ്യാൻ ശ്രമിക്കേണ്ടതാ ണ്. ആ നില എന്താണ്? അല്ലാഹുവിന്റെ തൃപ്തി കര സ്ഥമാക്കുക. സകല നന്മയും സമാധാനവും ഉറപ്പും സ്ഥൈര്യവും അടങ്ങുന്ന പ്രാർത്ഥനയാണിത്. ഈ പ്രാർ ത്ഥനയിൽ അഖിലലോകനാഥനിൽനിന്ന് വലിയ സുവാ ർത്തകളുണ്ട്. ആ സുവിശേഷങ്ങൾ എന്താണ്? ഒന്ന് രണ്ട് ഉദാഹരണങ്ങൾ ഞാൻ പറയാം. അല്ലാഹു പറയുന്നു: وَمَنْ يُؤْمِنْ بِاللَّهِ يَهْدِ قَلْبَهُ ആരെങ്കിലും അല്ലാഹുവിൽ വിശ്വസി ക്കുന്നതായാൽ അവന്റെ ഹൃദയത്തെ അല്ലാഹു നേർവ ഴിയിലാക്കും. (64:12).

وَإِن تُطِيعُوهُ تَهْتَدُوا നിങ്ങൾ അദ്ദേഹത്തെ അനുസരിക്കു ന്നതായാൽ നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കും. (24:55).

ഇതിനു മുമ്പേ പറയുന്ന വിഷയത്തിൽനിന്ന് മനസ്സി ലാകുന്നത് ഇത് നബി(സ)യെ അനുസരിക്കലാണ് എന്നാ കുന്നു. നബി(സ)യെ അനുസരിക്കുകയാണെങ്കിൽ സന്മാ ർഗ്ഗം പ്രാപിക്കും. സന്മാർഗ്ഗം എന്താണെന്ന് ഞാൻ തുടക്ക ത്തിൽ പറയുകയുണ്ടായി. അഭിവൃദ്ധിയുടെ നിലകളിൽ മുമ്പോട്ടു ചുവട് വെക്കുക. അല്ലാഹുവിന്റെ തൃപ്തി കര സ്ഥമാക്കുക. അല്ലാഹു തന്റെ തൃപ്തിയേയും സ്നേഹ ത്തേയും നബി(സ) തിരുമേനിയെ അനുസരിക്കലിനോടും പിൻപറ്റലിനോടും ബന്ധിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് ഖുർ ആൻ പറയുന്നുണ്ട്. അതുകൊണ്ട് اهْدِنَا الصِّرَاطَ الْمُسْتَقِيمَ എന്ന പ്രാർത്ഥന, ഈമാനിൽ ശക്തിക്കും സന്മാർഗ്ഗത്തിൽ വളരാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്ന തിനും അങ്ങേയറ്റം നിർബന്ധമാണ്. പിന്നീട് അല്ലാഹു ദുആ സ്വീകരിച്ച് നിരവധി സമ്മാനങ്ങൾകൊണ്ട് തന്റെ ദാസനെ അനുഗ്രഹിക്കുന്നു. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധതരം ***സ്വിറാത്തെ മുസ്തഖീമും*** അതിൽ സന്മാർഗ്ഗം പ്രാപിക്കുന്നതിനെക്കുറിച്ചു വിശദീക രിച്ചു പറയുന്നു). "യഥാർത്ഥമായ നന്മയിൽ പദമൂന്നുക ***സ്വിറാത്തെ മുസ്തഖീം*** ആണ്." (***സ്വിറാത്തെ മുസ് തഖീം*** എന്താണ്, നേരായതും യഥാർത്ഥവുമായ നന്മയിൽ നട ക്കുക.) "ഇതിന്റെ പേരാണ് മദ്ധ്യമനില, മദ്ധ്യാവസ്ഥ എന്ന ത്. എന്തുകൊണ്ടെന്നാൽ ഒരു വ്യക്തിയുടെ ഉദ്ദേശ്യമായ, പ്രാവർത്തികമായ തൗഹീദ് (തൗഹീദെ ഫിഅ്ലി) അതു മുഖേനയാണ് ലഭിക്കുന്നത്." (അല്ലാഹുവിന്റെ തൗഹീദ് മനുഷ്യന്റെ ഒരു ലക്ഷ്യമാണ്. യഥാർത്ഥ തൗഹീദ് മനു ഷ്യൻ മദ്ധ്യാവസ്ഥ അവലംബിക്കുമ്പോഴാണ് സ്ഥാപിത മാകുന്നത്. അതെങ്ങനെ?) "ഈ നന്മ കരസ്ഥമാക്കുന്ന തിന് സാവധാനിയായിട്ടിരിക്കുന്നവൻ തഫ്രീത്ത് (വീഴ്ച) എന്ന സ്ഥാനത്താണുള്ളത്. അതിനെ അതിരുകടന്നുപോ കുന്നവൻ അഫ്റാത് (അമിതത്വ)ത്തിൽ വീഴുന്നു." (നന്മ കരസ്ഥമാക്കുന്നതിൽ അലസത കാണിക്കുന്നവൻ അല്ലാ ഹുവിന്റെ കല്പന പാലിക്കുന്നതിൽ കുറവ് വരുത്തുന്നു.

എന്നാൽ, കൂടുതൽ മുന്നോട്ടുപോകാൻ ശ്രമിക്കുന്നവൻ അല്ലാഹുവിന്റെ കല്പനകളിൽ അതിരു കടക്കുന്നു. ഉദാഹരണം ചില കാര്യങ്ങളെ സംബന്ധിച്ച് മനുഷ്യർ ചർച്ച ചെയ്യാറുണ്ട്. അല്ലെങ്കിൽ നന്മകൾ പ്രകടിപ്പിക്കാറുണ്ട്. നന്മ പ്രവർത്തിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നത് നല്ല കാര്യമാണ്. പക്ഷേ, ചില പ്രശ്നങ്ങളുണ്ടാകുന്നു. ഒരു കാര്യത്തിൽ ജമാഅത്ത് പറയുന്നു, അതിൽ അമിതത്വം കാണിക്കരുത്, ബലഹീനത കാണിക്കരുത്, ഇവിടെ ഉത്തമം മൗനം പാലിക്കുന്നതാണ് എന്ന്. ഖലീഫയിൽ നിന്ന്, 'അവിടെ മൗനം പാലിക്കാൻ' നിർദ്ദേശമുണ്ടാകുന്നു. എന്നാൽ, ചിലയാളുകൾ തങ്ങളുടെ ആവേശത്തിമിർപ്പിൽ മുന്നോട്ടുപോകാൻ ശ്രമിക്കുന്നു. ആവശ്യത്തേക്കാൾ കൂടുതൽ ആവേശം കാണിക്കുന്നു. പിന്നീട് ആ ചുറ്റുപാടിൽ, ആ സമൂഹത്തിൽ മറ്റു ജമാഅത്തിലെ അംഗങ്ങൾക്കു അത് പ്രയാസത്തിന് കാരണമായിത്തീരുന്നു. അതുകൊണ്ടാണ് ഹദീഥിലും പറഞ്ഞിരിക്കുന്നത്, اَلْاِمَامُ جُنَّةٌ ഇമാം ഒരു പരിചയാണ്. അദ്ദേഹത്തിന്റെ പിന്നിൽ നിന്ന് അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. കൂടുതൽ ആവേശം കാണിക്കുകയും കൂടുതൽ മുന്നോട്ടു പോകുകയും തന്നിഷ്ടം കാണിക്കുകയുമാണെങ്കിൽ, അത് നന്മയും അല്ലാഹു കല്പിച്ചിട്ടുള്ളതുമാണെങ്കിൽ പോലും അമിതത്വത്തിൽപെട്ടുപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, ബലഹീനത കാണിക്കുകയാണെങ്കിൽ അതും തെറ്റാണ്. ആവശ്യത്തേക്കാളേറെ, സന്ദർഭത്തേക്കാളുപരി പ്രവർത്തിക്കുകയാണെങ്കിൽ അതും തെറ്റാണ്. പറയുന്നു) "എല്ലായിടത്തും കരുണ ചെയ്യുക എന്നത് അമിതത്വമാണ്. കാരണം അവസരത്തോടൊപ്പം അനവസരം തുന്നിച്ചേർക്കുന്നത് യഥാർത്ഥ അവസ്ഥയിൽ അമിതത്വമാണ്." (എല്ലായിടത്തും കരുണ കാണിക്കുക എന്നതും തെറ്റാണ്. ഒരാൾ മോഷ്ടാവാണ്. കുറ്റവാളിയാണ്. അയാൾ കുറ്റം ചെയ്തുകൊണ്ടേയിരിക്കാനായി അയാൾക്ക് പൊറുത്തുകൊടുക്കുക, എപ്പോഴും പൊറുത്തുകൊടുക്കുക. ഇതും അസ്ഥാനത്താണ്. ഇത് അമിതത്വമാണ്. പറയുന്നു) "ഇതു തന്നെയാണ് അമിതത്വം. ഒരിടത്തും കരുണ കാണിക്കാതിരിക്കുന്നത് വീഴ്ചയാണ്." (അതായത് മാപ്പ് കൊടുക്കുന്നതുകൊണ്ടും വിട്ടുവീഴ്ച ചെയ്യുന്നതുകൊണ്ടും ആരെങ്കിലും നന്നായിത്തീരുന്നുവെങ്കിൽ അവിടേയും പൊറുത്തുകൊടുക്കാതിരിക്കുക, ശിക്ഷിക്കുക, ശിക്ഷയ്ക്കുവേണ്ടി ശിപാർശ ചെയ്യുക എന്നതും തെറ്റാണ്.) "കാരണം അതിൽ നല്ല അവസരത്തെ മരിപ്പിക്കുകയാണ് ചെയ്തത്." (ഇവിടെ ശിക്ഷ കൊടുക്കണോ കൊടുക്കണ്ടേ എന്ന യഥാർത്ഥ അവസരം ഇല്ലാതാകുന്നു. പറയുന്നു) "കാര്യം അതിന്റെ അവസരത്തിനൊത്ത് ചെയ്യുന്നത്, മദ്ധ്യമനിലയും മദ്ധ്യാവസ്ഥയുമാണ്. അത് ***സ്വിറാത്തെ മുസ്തഖീം*** എന്ന് വിളിക്കപ്പെടുന്നു." (ഓരോ ജോലിയും സന്ദർഭത്തിനൊത്ത് ചെയ്യുക എന്നതാണ് മദ്ധ്യാവസ്ഥ. ഇതാണ് സ്വീകരിക്കേണ്ടത്. ഇതിന്റെ പേരാണ് ***സ്വിറാത്തെ മുസ്തഖീം***.) "ഇത് ലഭിക്കുന്നതിനു വേണ്ടി ശ്രമിക്കേണ്ടത് ഓരോ മുസ്ലിമിനും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതിനുള്ള പ്രാർത്ഥന എല്ലാ ഓരോ നമസ്കാരത്തിലും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ***സ്വിറാത്തെ മുസ്തഖീം*** ചോദിച്ചുകൊണ്ടേയിരിക്കുക. കാരണം ഇക്കാര്യം അവനെ തൗഹീദിൽ നിലനിറുത്തുന്നതാണ്." (ഇതാണ് മനുഷ്യനെ വീഴ്ചയിൽനിന്നും അമിതത്വത്തിൽനിന്നും രക്ഷിക്കുന്നത്. അതിരു കടക്കുന്നതിൽനിന്നു രക്ഷിക്കുന്നത്. മദ്ധ്യാവസ്ഥ അവലംബിക്കാൻ പ്രേരിപ്പിക്കുന്നത്. മദ്ധ്യമവഴിയിലൂടെ അതവനെ നടത്തുന്നു. അത് പിന്നീട് അവനെ തൗഹീദിലേക്ക് കൊണ്ടുപോകുന്നു.) "കാരണം ***സ്വിറാത്തെ മുസ്തഖീമി***ൽ ആകുക അല്ലാഹുവിന്റെ സിഫത്താണ്." (അല്ലാഹു എപ്പോഴും നേരായ പാതയിലാണുള്ളത്. അതുകൊണ്ട് ഈ കാര്യങ്ങൾ നിങ്ങൾ പാലിച്ചാൽ തൗഹീദിലേക്ക് പോകാൻ കഴിയും.) "ഇതിനു പുറമെ ***സ്വിറാത്തെ മുസ്തഖീമി***ന്റെ യാഥാർത്ഥ്യം സത്യസന്ധതയും വിവേകവുമാണ്. സത്യസന്ധതയും വിവേകവും അല്ലാഹുവിന്റെ ദാസരോടു കാണിക്കുകയാണെങ്കിൽ അതിന്റെ പേരാണ് നന്മ." (ഇതിനു പുറമെ ***സ്വിറാത്തെ മുസ്തഖീം*** സത്യസന്ധതയും വിവേകവുമാണ്. സന്ദർഭത്തിനൊത്ത് പ്രവർത്തിക്കലാണ്. ഈ സത്യസന്ധതയും വിവേകവും അല്ലാഹുവിന്റെ ദാസരോട് കാണിക്കുകയാണെങ്കിൽ അതിന് നന്മ എന്നു പറയുന്നു.) "അല്ലാഹുവിനോട് കാണിക്കുകയാണെങ്കിൽ അതിന്റെ പേര് ഇഖ്ലാസ്, ഇഹ്സാൻ എന്നാണ്." (ഇവിടെ ഇഹ്സാൻ (ഔദാര്യം) എന്നു പറഞ്ഞതുകൊണ്ട് തെറ്റുധരിക്കരുത്. ഇവിടെ ഇഹ്സാൻ എന്നതിന്റെ അർത്ഥം അല്ലാഹുവിനെ പൂർണ്ണമായും അനുസരിക്കുക എന്നാണ്. അല്ലാഹുവിനോട് ***സ്വിറാത്തെ മുസ്തഖീമി***ന്റെ സത്യസന്ധത ഉപയോഗിക്കുകയാണെങ്കിൽ, അല്ലാഹുവിനോട് ആത്മാർത്ഥതയുണ്ടെന്നാണ് അതിന്നർത്ഥം. അവനെ പൂർണ്ണമായും അനുസരിക്കലാണ്. അത് മനുഷ്യരോട് കാണിക്കുകയാണെങ്കിൽ പരിപൂർണ്ണമായ നന്മയുമാണ്.) "ഇത് തന്നോടുതന്നെയാണ് കാണിക്കുന്നതെങ്കിൽ അതിന്റെ പേരാണ് ആത്മപരിശുദ്ധി." (ഇതേ ***സ്വിറാത്തെ മുസ്തഖീമി***ൽ നടത്തുന്നത് തനിക്കുവേണ്ടിയാണെങ്കിൽ ഇത് തന്റെ ആത്മാവിനെ ശുദ്ധീകരിക്കലാണ്. ***സ്വിറാത്തെ മുസ്തഖീം***) "***സ്വിറാത്തെ മുസ്തഖീം*** എന്ന പദത്തിൽ യഥാർത്ഥ നന്മയും അല്ലാഹുവിനോട് ആത്മാർത്ഥതയും ആത്മപരിശുദ്ധിയും മൂന്നും അടങ്ങിയിരിക്കുന്നു." (യഥാർത്ഥ നന്മയും ഇതിലുണ്ട്. അല്ലാഹുവിനോട് ഒരു നിഷ്കളങ്കമായ ബന്ധവും ഇതിലുണ്ട്. സ്വയം തന്നെ ശുദ്ധീകരിക്കലുമിതിലുണ്ട്.) "ഇവിടെ മനസ്സിലാക്കിയിരിക്കേണ്ടതാണ്, സത്യസന്ധതയിലും വിവേകത്തിലും അധിഷ്ഠിതമായ ***സ്വിറാത്തെ മുസ്തഖീം*** മൂന്നുതരത്തിലുണ്ട്. വൈജ്ഞാനികം (ഇൽമി), മുന്നിൽ വന്ന യഥാർത്ഥ നന്മ ***സ്വിറാത്തെ മുസ്തഖീം*** ആണ്. അല്ലാഹുവിനോട് നിഷ്കളങ്കമായ ബന്ധം ***സ്വിറാത്തെ മുസ്തഖീം*** ആണ്. ആത്മാവിനെ ശുദ്ധീകരിക്കൽ ***സ്വിറാത്തെ മുസ്തഖീം*** ആണ്. പറഞ്ഞു, ഇത് മൂന്നുകാര്യങ്ങളിൽ അധിഷ്ഠിതമാണ്.

"ഇൽമി (വൈജ്ഞാനികം) അമലി (പ്രാവർത്തികം), ഹാലി (അവസ്ഥാപരം). ഇത് മൂന്നും മൂന്നുവിധത്തിൽ വേറെയുമുണ്ട്. (**ഞാനീ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളതാണ്. ആദ്യം ഞാൻ വിചാരിച്ചത് ഈ ഉദ്ധരണി പറയേണ്ട എന്നായിരുന്നു. പക്ഷേ, അധികമാളുകളും ഇതൊന്നും വായിക്കാറില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരുടെ ഭാഷയിൽ ഇത് ലഭിക്കാറുമില്ല. ഇതാണെങ്കിൽ വളരെ പ്രധാനപ്പെട്ട വിഷയവുമാണ്. അതുകൊണ്ടാണ് ഞാൻ ഇത് വിവരിക്കാൻ മുതിരുന്നത്. പറഞ്ഞു**) "ഇത് വീണ്ടും മൂന്നുതരമുണ്ട്." (വൈജ്ഞാനികം, പ്രാവർത്തികം, അവസ്ഥാപരം എന്നതിന് വീണ്ടും മൂന്ന് പിരിവുകളുണ്ട്) "വൈജ്ഞാനികത്തിൽ അല്ലാഹുവിനോടുള്ള കടമ- ഹഖുല്ലാഹ്- സമസൃഷ്ടികളോടുള്ള കടമ- ഹഖുൽ ഇബാദ്- സ്വന്തം ആത്മാവിനോടുള്ള കടമ തിരിച്ചറിയുക- ഹഖുന്നഫ്സ്. പ്രാവർത്തികത്തിൽ പ്രസ്തുത കടമകൾ നിറവേറ്റലാണ്." (വൈജ്ഞാനിക കാര്യമെന്താണ്, അല്ലാഹുവിനോടുള്ള കടമ, സൃഷ്ടികളോടുള്ള കടമ, സ്വന്തം ആത്മാവിനോടുള്ള കടമ തിരിച്ചറിയൽ. ഇതാണ് വൈജ്ഞാനികമായ കാര്യങ്ങൾ) "പ്രാവർത്തികത്തിൽ ആ കടമകളെ നിറവേറ്റുക എന്നതാണ്. ഉദാഹരണത്തിന് അല്ലാഹുവിനെ ഏകനായി മനസ്സിലാക്കുക എന്നതാണ് വൈജ്ഞാനികമായ കടമ. അവനെ സകല കൃപാവായ്പുകളുടേയും ഉറവിടവും സർവ്വഗുണങ്ങളുടേയും മടക്കസ്ഥാനവുമായി മനസ്സിലാക്കുക." (അതായത്, എന്തെല്ലാം അനുഗ്രഹങ്ങളുണ്ടോ അതെല്ലാം അവനിൽനിന്ന് ഉത്ഭവിക്കുന്നു. എല്ലാ സവിശേഷ ഗുണങ്ങളും അവനിലേക്ക് മടങ്ങുന്നു.) "അവൻ എല്ലാ ന്യൂനതകൾക്കും കുറവുകൾക്കും അതീതനാണെന്നും സവിശേഷ ഗുണങ്ങളെല്ലാം അടങ്ങിയവനാണെന്നും ആരാധനയ്ക്കർഹനാണെന്നും മനസ്സിലാക്കുകയും അവനിൽതന്നെ ഒതുക്കിനിറുത്തുകയും ചെയ്യുക. ഇത് അല്ലാഹുവിനോടുള്ള കടമയിൽ, വൈജ്ഞാനികമായ ***സ്വിറാത്തെ മുസ്തഖീം*** ആകുന്നു. പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** എന്നു പറയുന്നത് അവനോടുള്ള അനുസരണം ആത്മാർത്ഥതയോടുകൂടി നിറവേറ്റുക എന്നാണ്." (അല്ലാഹുവിന്റെ കാര്യത്തിലുള്ള പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** എന്നാൽ അല്ലാഹുവിനെ പരിപൂർണ്ണമായും അനുസരിക്കുക.) "അനുസരണത്തിൽ അവനോട് ആരേയും പങ്കുചേർക്കാതിരിക്കുക. തന്റെ നന്മയ്ക്കായി അവനോടുതന്നെ ദുആ ചെയ്യുക." (എപ്പോൾ ആവശ്യം വന്നാലും അവനോട് മാത്രം ചോദിക്കുക. അവനോട് മാത്രം പ്രാർത്ഥിക്കുക.) "അവനിൽ ദൃഷ്ടി വയ്ക്കുക. അവനോടുള്ള സ്നേഹത്തിൽ ലയിക്കുക. ഇതാണ് പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം***. കാരണം ഇതുതന്നെയാണ് സത്യം. (സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിൽ വൈജ്ഞാനികമായ ***സ്വിറാത്തെ മുസ്തഖീം*** എന്നു പറയുന്നത് അവരെ മനുഷ്യകുലമായി വിചാരിക്കുകയും അവരും തങ്ങളെപ്പോലുള്ള മനുഷ്യരാണ്, തങ്ങൾക്കും അവർക്കും തമ്മിൽ വ്യത്യാസമില്ല, അവരും അല്ലാഹുവിന്റെ സൃഷ്ടിയാണ്, ദരിദ്രരും സമ്പന്നരുമൊക്കെയുണ്ട്, എങ്കിലും മനുഷ്യരെന്നനിലയിൽ വ്യത്യാസമൊന്നുമില്ല എന്നു മനസ്സിലാക്കുകയും അവർ ഒന്നുമല്ലാത്തവരും ഒന്നിനും കൊള്ളാത്തവരുമായി ധരിക്കു കയും ചെയ്യുക എന്നതാണ്. സൃഷ്ടികളെ സംബന്ധിച്ചിടത്തോളം ഇത്രയേയുള്ളൂ.) "കാരണം സൃഷ്ടികളെ സംബന്ധിച്ചുള്ള യഥാർത്ഥമായ വിവരം അവർ ഒന്നുമല്ലാത്തവരും ഒന്നിനും കൊള്ളാത്തവരുമാണെന്നാണ്. എല്ലാവരും നശിച്ചുപോകുന്നവരുമാണ്." (ചിലയാളുകൾ ചിലരെ എത്രമാത്രം പൊക്കിപ്പറയുന്നുവെന്നുവെച്ചാൽ അവനും നശിക്കുന്നവനാണെന്നുള്ള ബോധംപോലുമുണ്ടാകുന്നില്ല. അവൻ ഈ ലോകത്തുനിന്നും എന്തായാലും പോകേണ്ടവനാണ്. അവന്റെ മരണത്തിനുശേഷം മറ്റു വഴിയൊന്നും കാണുന്നുണ്ടാവുകയില്ല. ചിലർക്ക് ഈ അഹങ്കാരത്തിൽ ദൈവത്തെ തന്നെ ഉപേക്ഷിച്ചുകളയാറുണ്ട്. ചിലർ കുട്ടികളും മറ്റു ചിലരുമാണ് ഏറെ പ്രിയപ്പെട്ടവർ. ഇവിടെ ഒരു കാര്യം മനസ്സിലാക്കണം, മനുഷ്യന് ദൈവമാകാൻ സാധിക്കുകയില്ല. എല്ലാ വസ്തുക്കളും നശിച്ചുപോകുന്നതാണ്. പക്ഷേ, അല്ലാഹു ഓരോന്നിലും ഓരോ സ്ഥാനം വെച്ചിട്ടുണ്ട്. അത് ശ്രദ്ധിക്കണം. എല്ലാവരും മനുഷ്യർ തന്നെയാണെന്നത് ശരി. എല്ലാവരും തുല്യരുമാണ്. പക്ഷേ, ഓഫീസറും കീഴുദ്യോഗസ്ഥരും തമ്മിലുള്ള വ്യത്യാസം അവസാനിക്കുക എന്നതല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. അതെന്തായാലും നിലനില്ക്കേണ്ടതുതന്നെയാണ്. പൊതുവെ മനുഷ്യർ എന്നു പറയുമ്പോൾ എല്ലാവരും ഒന്നാണ്. സമന്മാരാണ്. പിന്നീട് പറഞ്ഞു.) "ഇനി വൈജ്ഞാനികമായ തൗഹീദാണ്." (മനുഷ്യരോടുള്ള കടമ നിറവേറ്റപ്പെടുമ്പോൾ അതും വൈജ്ഞാനികമായ തൗഹീദാണ്.) "ഇതുകൊണ്ട് മഹത്വം ഒരേയൊരാളുടേതായി വെളിവാകുന്നു." (മനുഷ്യരോടുള്ള കടമകളാണ് നിറവേറ്റപ്പെടുന്നത്. അവരിലേക്കാണ് യഥാർത്ഥത്തിൽ ശ്രദ്ധയുള്ളത്. പക്ഷേ, അവൻ ശ്രദ്ധതിരിച്ചത് വാസ്തവത്തിൽ തൗഹീദിലേക്കാണ്. നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ ഇതിലൂടെയും തൗഹീദ് തിളച്ച് പൊന്തി മുന്നിൽവരും. അല്ലാഹുവല്ലാത്ത മറ്റെല്ലാം ന്യൂനതകളുള്ളതാണെന്ന് മനസ്സിലാകും. അല്ലാഹുവിന്റെ സൃഷ്ടി എന്ന നിലയിൽ എല്ലാവരും തുല്യരാണ്. പിന്നീട് നമ്മുടെ ശ്രദ്ധ, ഏകനായ അല്ലാഹുവിലേക്കും അവന്റേതാണ് എല്ലാ സൃഷ്ടികളെന്നും എന്നതിലേക്കും തിരിയുന്നു. ഇതിൽനിന്ന് തൗഹീദിലേക്ക് വീണ്ടും ശ്രദ്ധയുണ്ടാകുന്നു. പറഞ്ഞു) "ഇതുകൊണ്ട് മഹത്വം ഒരേയൊരു വ്യക്തിയുടേതായി വെളിവാകുന്നു. അവനിൽ ഒരു കുറവുമില്ല. തന്റെ സത്തയിൽ സമ്പൂർണ്ണനാണ്." (ഇതുമുഖേന അല്ലാഹുവിനെക്കുറിച്ച് അറിയാൻ കഴിയുന്നു. അവൻ മാത്രമേ തന്റെ സത്തയിൽ പരിപൂർണ്ണനായിട്ടുള്ളൂ.)

''പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** എന്നു പറയുന്നത്, യഥാർത്ഥ നന്മ നിറവേറ്റുക എന്നതാണ്. അതാ

യത്, യഥാർത്ഥത്തിൽ അവന് നന്നായിട്ടുള്ളതും ശരിയായിട്ടുള്ളതുമായ കാര്യം. ഇത് നിറവേറ്റുക എന്നത് തൗഹീദെ അമലിയാണ്.” (അമലി ***സ്വിറാത്തെ മുസ്തഖീം*** എന്താണ്? യഥാർത്ഥമായ നന്മ നിറവേറ്റുക. അതായത് ശരിയായിട്ടുള്ളതും നല്ലതായിട്ടുള്ളതുമായ കാര്യം ചെയ്യുക. തെറ്റാണെന്ന് ലവലേശം സംശയമുണ്ടെങ്കിൽ അത് ചെയ്യാതിരിക്കുക. ഇതാണ് ***സ്വിറാത്തെ മുസ്തഖീം*** ഇത് അമലി തൗഹീദാകുന്നു. താൻ അനുവദനീയമല്ലാത്ത കാര്യമൊന്നും ചെയ്യുകയില്ലെന്നുള്ള പ്രാവർത്തികമായ പ്രകടനമാണിത്. അല്ലാഹുവിന്റെ സത്തയിൽ വിശ്വാസമുണ്ടാകുമ്പോൾ ഒരു തെറ്റായ പ്രവർത്തിയും ഉണ്ടാകുകയില്ല. ഇത് അല്ലാഹു ഏകനാണെന്നതിലേക്ക് ശ്രദ്ധ തിരിച്ചുവിടുന്നു.) “കാരണം ഏകദൈവ വിശ്വാസിക്ക് അതിലുണ്ടാകുന്ന ഉദ്ദേശ്യം, തന്റെ സവിശേഷഗുണങ്ങൾ മുഴുവനും അല്ലാഹുവിന്റെ സവിശേഷഗുണങ്ങളിൽ ലയിക്കണമെന്നതായിരിക്കും.” (എന്തുകൊണ്ടെന്നാൽ, ഒരു ദൈവത്തെ ആരാധിക്കുന്നവൻ എപ്പോഴും ശ്രമിക്കുന്നത് അവന്റെ സ്വഭാവങ്ങൾ ദൈവകല്പനയ്ക്ക് വിധേയമാക്കാനായിരിക്കും. അത് അല്ലാഹു മനുഷ്യരിൽനിന്ന് പ്രത്യേകപ്പെടുത്തിയിട്ടുള്ള അവന്റെ സവിശേഷഗുണങ്ങളാണ്.) “ഹഖുന്നഫ്സിലുള്ള വൈജ്ഞാനിക ***സ്വിറാത്തെ മുസ്തഖീം*** എന്നു പറയുന്നത്, ഏതൊരു ആത്മാവിലാണോ ആപത്തുകൾ ഉണ്ടാകുന്നത് (അതായത് വിഷമങ്ങൾ ഇറങ്ങുകയും നാശത്തിൽ അകപ്പെടുകയും ചെയ്യുന്ന ആത്മാവ്. അല്ലെങ്കിൽ തെറ്റായ രീതിയിലുള്ള പ്രവർത്തികളിൽ മുഴുകുന്ന ആത്മാവ്) ഉദാഹരണത്തിന് അഹങ്കാരം, കപടനാട്യം, ഗർവ്വ്, കുശുമ്പ്, അസൂയ, പൊങ്ങച്ചം, അത്യാഗ്രഹം, പിശുക്ക്, അശ്രദ്ധ, പരദ്രോഹം ഇതിനെക്കുറിച്ചൊക്കെ അറിയുക എന്നതാണ്.” (ഇത് സ്വന്തം ആത്മാവിൽ വൈജ്ഞാനികമായ ***സ്വിറാത്തെ മുസ്തഖീം*** ആണ്. ഇതിനെക്കുറിച്ചെല്ലാം മനുഷ്യൻ അറിഞ്ഞിരിക്കണം. ഈ സകല കാര്യങ്ങളും ദോഷകരങ്ങളാണ്. ഇത് മനുഷ്യനെ നശിപ്പിക്കുന്നു. ഇത് ഇൽമെ ***സ്വിറാത്തെ മുസ്തഖീം*** ആണ്. അതായത് ആത്മാവിനെക്കുറിച്ചുള്ളത്.) “എപ്രകാരം അത് യഥാർത്ഥത്തിൽ ദുസ്വഭാവങ്ങളാണോ അപ്രകാരം അവയെ ദുസ്വഭാവങ്ങളായി അറിയുക എന്നത് വൈജ്ഞാനികമായ ***സ്വിറാത്തെ മുസ്തഖീം*** ആകുന്നു.” (ഈ കാര്യങ്ങളും ഇതുപോലെയുള്ള മറ്റു തിന്മകളും തരംതാണ കാര്യങ്ങളുമെല്ലാം ഉള്ളതുപോലെ തിരിച്ചറിയുക. അപ്പോൾ അത് വൈജ്ഞാനിക ***സ്വിറാത്തെ മുസ്തഖീം*** ആയിരിക്കും. പിന്നീട് പറഞ്ഞു.) “ഇത് തൗഹീദെ ഇൽമിയാകുന്നു. കാരണം ഇതുമുഖേന മഹത്വം ഒരേയൊരു വ്യക്തിയുടേതായി വെളിവാകുന്നു. അവനിൽ ഒരു ന്യൂനതയുമില്ല. തന്റെ സത്തയിൽ അവൻ പരിശുദ്ധനുമാണ്.” (സൃഷ്ടികളിലെല്ലാം ന്യൂനതകളുണ്ട്. മനുഷ്യൻ തന്റെ പരിശുദ്ധിക്കുവേണ്ടി അല്ലാഹുവിലേക്ക് ചായുന്നു. അപ്പോൾ തൗഹീദിനെക്കുറിച്ച് അവന് അറിയാൻ കഴിയുന്നു.)

“ഹഖുന്നഫ്സിലുള്ള, അമലി ***സ്വിറാത്തെ മുസ്തഖീം*** എന്നു പറയുന്നത് ആ ആത്മാവിൽനിന്നു ദുസ്സ്വഭാവങ്ങൾ ഞെരിച്ച് നശിപ്പിക്കുകയും, നീചകാര്യങ്ങളിൽനിന്നൊഴിഞ്ഞ്, അനുഗ്രഹങ്ങളുടെ അലങ്കാരത്താൽ വിഭൂഷിതനാവുകയും ചെയ്യുക എന്നതാണ്.” (മനുഷ്യന്റെ ആത്മാവ് അവന്റെ പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** എന്നുപറയുന്നത് മുകളിൽ പറഞ്ഞ തരംതാണ സ്വഭാവങ്ങളെയെല്ലാം അവസാനിപ്പിക്കുകയും നന്മകൾ തന്റെയുള്ളിൽ നടപ്പിൽവരുത്തുകയും ചെയ്യുക എന്നതാണ്. അല്ലാഹു പറഞ്ഞ ആ നന്മകളുടെ ആഭരണംകൊണ്ട് തന്നെ അലങ്കരിക്കണം. അതിൽ വിഭൂഷിതനാകണം. ഇതാണ് മനുഷ്യനുള്ള പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** പറഞ്ഞു) “ഇത് പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** ആണ്. ഇത് തൗഹീദെ ഹാലി (മനുഷ്യന്റെ അവസ്ഥ പ്രകടമാകുന്ന സ്ഥിതി)യാകുന്നു.” (ഈ തൗഹീദ് മുഖേന മനുഷ്യന്റെ സ്ഥിതി പ്രകടമാകുന്നു. ഇത് വീണ്ടും അല്ലാഹുവിന്റെ തൗഹീദെ ഹാലി പ്രകടിപ്പിക്കുന്നു.) “കാരണം ഏകദൈവ വിശ്വാസി അതുകൊണ്ടു ഉദ്ദേശിക്കുന്നത്, തന്റെ ഹൃദയത്തെ അന്യദൈവങ്ങളിൽനിന്ന് ഒഴിപ്പിക്കുകയും അതിന് പരിശുദ്ധിയുടെ ലയനത്തിൽ അല്ലാഹുവിന്റെ ദർജ ലഭ്യമാകുകയും ചെയ്യുക എന്നതായിരിക്കും.” (അതായത് അല്ലാഹുവിനു പുറമേയുള്ളതെല്ലാം തന്റെ മനസ്സിൽ നിന്ന് കാലിയാക്കുക, അല്ലാഹുവിന്റെ പരിശുദ്ധിയുടെ പദവി സമ്പാദിക്കുകയും ചെയ്യുക) “അതിലും പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** ആയ സമസൃഷ്ടികളോടുള്ള കടമയിലും നേർത്തൊരു വ്യത്യാസമുണ്ട്. അത് ഇതാണ്. അതായത്, ആത്മാവിന്റെ പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീ***ന്റെ ഒരു നൈപുണ്യമാണത്. അത് വ്യായാമത്തിലൂടെ മനുഷ്യൻ കരസ്ഥമാക്കുന്നു.” (ഹഖുന്നഫ്സിന്റെ അമലി ***സ്വിറാത്തെ മുസ്തഖീം*** അതൊരു പ്രത്യേക നൈപുണ്യമാണ്, ഒരു പ്രത്യേക കാര്യമാണ്. അത് വ്യായാമത്തിലൂടെ മനുഷ്യൻ കരസ്ഥമാക്കുന്നു. വ്യായാമംകൊണ്ട് ഉദ്ദേശിക്കുന്നത് ആത്മീയമായ വ്യായാമമാണ്. ആരാധനയാണ്. അല്ലാഹുവിനുവേണ്ടി പ്രത്യേകമായ നിലയിൽ കഠിനാധ്വാനം ചെയ്യലാണ്. അതൊരു അർത്ഥവത്തായ ശ്രേഷ്ഠതയാണ്.) “അത് ബാഹ്യലോകത്ത് ഒരിക്കലും പ്രകടമായാലും ഇല്ലെങ്കിലും.” (ഇതൊരു യഥാർത്ഥ മാഹാത്മ്യത്തിന്റെ സ്ഥാനമാണ്. അത് കാണാൻ കഴിഞ്ഞാലും ഇല്ലെങ്കിലും. മനുഷ്യൻ തന്നെ സ്വയം പ്രയാസത്തിൽ അകപ്പെടുത്തി ദൈവവഴിയിൽ അത്യധ്വാനം ചെയ്യുന്നു. അതുമുഖേനയാണ് അവനത് ലഭിക്കുന്നത്. ഇത് കണ്ടറിഞ്ഞുകൊള്ളണമെന്നില്ല.) “എന്നാൽ, സമസൃഷ്ടികളോടുള്ള കടമ അത് പ്രാവർത്തികമായ ***സ്വിറാത്തെ മുസ്തഖീം*** ആണ്, അതൊരു സേവനമാണ്. മനുഷ്യകുലത്തിലെ അധികമാളുകൾക്കും അതിന്റെ ഫലമുണ്ടാകുമ്പോഴാണ് അത് നിശ്ചയം വന്നതായി തീരുന്നത്.” (സമസൃഷ്ടികളോടുള്ള പ്രാവർത്തി

കമായ ***സിറാത്തെ മുസ്തഖീം*** എന്നു പറയുന്നത് ഒരു സേവനമാണ്. അത് പ്രകടമാകുന്നത് ധാരാളം ആളുകൾക്ക് അതിന്റെ ഫലം എത്തുമ്പോഴായിരിക്കും. അതായത്, ഒരു മനുഷ്യൻ മറ്റു മനുഷ്യർക്കുള്ള കടമ നിറവേറ്റുമ്പോഴായിരിക്കും.) "സേവനം ചെയ്യുക എന്ന നിബന്ധന നിറവേറ്റപ്പെടണം. ചുരുക്കത്തിൽ സമസൃഷ്ടികളോടുള്ള പ്രാവർത്തികമായ ***സിറാത്തെ മുസ്തഖീമി***ന്റെ നിശ്ചയം വരൽ, സേവനം നിർവഹിക്കുന്നതിലാണ്." (അതായത് ഒരു മനുഷ്യൻ മറ്റു മനുഷ്യരോടുള്ള കടമ നിറവേറ്റണമെന്നത് അല്ലാഹുവിന്റെ നിബന്ധനയാണ്. മറ്റു മനുഷ്യരോടുള്ള കടമ ശരിയായ നിലയിൽ നിറവേറ്റുമ്പോഴാണ് ഇത് യഥാർത്ഥത്തിൽ സ്ഥാപിതമാകുന്നത്. അത്തരം അവസ്ഥ ഉണ്ടാകുമ്പോഴായിരിക്കും പ്രാവർത്തികമായ ***സിറാത്തെ മുസ്തഖീം*** സംഭവിക്കുക.) "ഹഖുന്നഫ്സിന്റെ പ്രാവർത്തികമായ ***സിറാത്തെ മുസ്തഖീമി***ന്റെ അച്ചുതണ്ട് ആത്മപരിശുദ്ധിയാണ്." (***സിറാത്തെ മുസ്തഖീമി***നുവേണ്ടി മനുഷ്യൻ പ്രാർത്ഥിക്കുന്നു. അവന്റെ ആത്മാവിനുവേണ്ടി സ്രഷ്ടാവിനോട് ദുആ ഇരക്കുന്നു. അതിന്റെ യഥാർത്ഥ ഫലം പുറപ്പെടുന്നത് തന്റെ ആത്മാവിന്റെ പരിശുദ്ധിക്കായി മനുഷ്യൻ പ്രവർത്തിക്കുമ്പോഴാണ്.) "അവിടെ ഏതെങ്കിലും സേവനം ചെയ്യേണ്ടത് നിർബന്ധമല്ല." (തന്റെ ആത്മാവിനോടുള്ള കടമ നിറവേറ്റുന്നതിന് മറ്റുള്ളവർക്ക് സേവനം ചെയ്യേണ്ടത് നിർബന്ധമല്ല. പറയുന്നു) "ആത്മാവിന്റെ പരിശുദ്ധി ഒരു കാട്ടിൽ തനിച്ചിരുന്നുകൊണ്ട് നടത്താവുന്നതാണ്. പക്ഷേ, സമസൃഷ്ടികളോടുള്ള കടമ, ആദം സന്തതികളോടല്ലാതെ നിറവേറ്റപ്പെടുകയില്ല. അതുകൊണ്ടാണ് പറഞ്ഞത്, സംന്യാസം ഇസ്ലാമിലില്ലെന്ന്." (സ്വന്തം ആത്മാവിന്റെ പരിശുദ്ധി മനുഷ്യന് കാട്ടിൽപോയിരുന്നും നടത്താവുന്നതാണ്. പക്ഷേ, ഒരു സമൂഹത്തിൽ താമസിക്കുന്ന മനുഷ്യന് അല്ലാഹു ചില ചുമതലകൾ നല്കിയിട്ടുണ്ട്. അത് മറ്റു സൃഷ്ടികളോടുള്ള കടമ നിറവേറ്റലാണ്. ***സിറാത്തെ മുസ്തഖീമിൽ*** നടക്കുന്ന മനുഷ്യനെന്ന് അവൻ പറയപ്പെടുന്നത്, തന്റെ കൂട്ടുകാരോടുള്ള, അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള അയൽവാസികളോടുള്ള കടമ നിറവേറ്റുമ്പോഴാണ്. ഈ വിശദീകരണം മനസ്സിലായാൽ, വഴികാണിക്കുമ്പോൾ, വഴിവരെ എത്തിക്കുമ്പോൾ, യഥാ ർത്ഥ ലക്ഷ്യസ്ഥാനംവരെ മനുഷ്യൻ എത്തിച്ചേരുന്നു. അതനുസരിച്ച് പ്രവർത്തിക്കുന്നതിനും അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ട്. അതുകൊണ്ടാണ് പറഞ്ഞത് ഈ ദുആ ചെയ്തുകൊണ്ടേയിരിക്കുക; اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ഈ ഉദ്ധരണിയിൽ സകല നന്മകളും, അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതും അവന്റെ തൗഹീദിന്റെ സ്ഥാപനവും അടക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഇതുതന്നെയാണ് യഥാർത്ഥ ഹിദായത്ത്. ഇതിനുവേണ്ടിയാണ് ഒരു സത്യവിശ്വാസി പരിശ്രമിക്കേണ്ടത്. ആത്മാക്കളെ, ശിർക്കിന്റെ നേർത്തവഴികളിൽനിന്ന് ശുദ്ധീകരിക്കുന്നതിനായി ഈ ദുആ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു) "പിന്നീട് അറിഞ്ഞുകൊള്ളുക,

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝ صِرَاطَ الَّذِينَ أَنعَمْتَ عَلَيْهِمْ എന്ന വചനത്തിൽ ആത്മാക്കളെ ബഹുദൈവാരാധനയുടെ നേർത്ത വഴികളിൽനിന്ന് ശുദ്ധീകരിക്കുന്നതിനും ആ വഴികളുടെ കാര്യഹേതുക്കളെ വിപാടനം ചെയ്യുന്നതിനുമുള്ള വലിയ സൂചനയാണുള്ളത്. അതുകൊണ്ടാണ് അല്ലാഹു (ജനങ്ങളെ) ഈ വചനത്തിൽ നബിമാരുടെ ശ്രേഷ്ഠതകൾ കരസ്ഥമാക്കുന്നതിനും ആ (ശ്രേഷ്ഠതകളുടെ) കവാടങ്ങളെ തുറക്കുന്നതിനുള്ള കഴിവിനും പ്രേരണ നല്കിയിട്ടുള്ളത്. കാരണം അധിക ബഹുദൈവാരാധനകളും നബിമാരേയും വലിയ്യുമാരേയും സംബന്ധിച്ച് അതിവർണ്ണന നടത്തുന്ന കാരണത്താലാണ് ലോകത്തുണ്ടായിട്ടുള്ളത്. ആരാണോ തങ്ങളുടെ നബിയെ ഏകനായും വ്യത്യസ്തനായും അദ്ദേഹത്തിന് സമനായി ആരുമില്ലെന്ന് കരുതുകയും ചെയ്തത്- അഖിലലോകരക്ഷിതാവിന്റെ സ്ഥാനം പോലെ- അവരുടെ യജമാനഭാവം കുറച്ചുകാലത്തിനു ശേഷം അതേ നബിയെ ആരാധ്യനാക്കിത്തീർത്തു. (അല്ലാഹുവിന്നെതിരിൽ) ഇപ്രകാരം (ഹദ്റത്ത് ഈസായെ പുകഴ്ത്തിക്കൊണ്ടിരുന്ന കാരണത്താൽ) അതിശയോക്തി കലർത്തിപ്പറയുകയും അങ്ങനെയങ്ങ് വിശ്വസിക്കുകയും ചെയ്ത കാരണത്താൽ ക്രിസ്ത്യാനികളുടെ ഹൃദയവും വളഞ്ഞുപോയി. അല്ലാഹു ഈ വചനത്തിൽ ഇതേ കുഴപ്പത്തിലേക്കും വഴികേടിലേക്കും സൂചന നല്കിക്കൊണ്ട് പറയുന്നു, അല്ലാഹുവിൽനിന്ന് അനുഗ്രഹം പറ്റുന്നവർ അതായത്, റസൂലിനേയും നബിയേയും മുഹദ്ദഥിനേയും നിയോഗിച്ചയക്കുന്നത് ജനങ്ങൾ ആ പുണ്യവാളന്മാരുടെ നിറത്തിൽ നിറമുള്ളവരായിരിക്കാനാണ്. അല്ലാതെ അവരെ ആരാധിക്കാനല്ല. ബിംബങ്ങളെപോലെ അവരെ ആരാധ്യവസ്തുവാക്കാനല്ല. ഈ പരിശുദ്ധസ്വഭാവത്തോടുകൂടി വ്യക്തികളെ ലോകത്ത് അയക്കുന്നതിന്റെ ഉദ്ദേശ്യം അവരെ പിൻപറ്റുന്ന ഓരോരുത്തരും അവരുടെ ഗുണത്തിൽ വിഭൂഷിതരാകാൻ വേണ്ടിയാണ്, അല്ലാതെ അവരെ കല്ലുകൊണ്ടുള്ള ബിംബങ്ങളാക്കി അവിടെ നെറ്റിയുരക്കാൻ വേണ്ടിയല്ല." (അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരിടത്ത് പറഞ്ഞത്, 'വലിയ്യാകുക, വലിയ്യെ പൂജിക്കുന്നവരാകാതിരിക്കുക, പീർമാരാകുക, പീർമാരെ പൂജിക്കുന്നവരാകാതിരിക്കുക.' ഇവിടെ പീർമാരെ പൂജിക്കുന്ന സമ്പ്രദായം ധാരാളം കാണാം. ചിലർ അതൊരു കച്ചവടവുമാക്കിയിട്ടുണ്ട്. പൈസയും ചെലവഴിച്ചാണ് ജനങ്ങൾ അവിടെ പോകുന്നത്. എന്തെങ്കിലുമൊക്കെ ചൊല്ലി ഊതിക്കൊണ്ടവർ പൈസ വാങ്ങുന്നു. എനിക്കും ചില പരാതി ലഭിക്കാറുണ്ട്. ചില സ്ഥലങ്ങളിൽ ചില സ്ത്രീകൾ ഇസ്തിഖാറ പ്രാർത്ഥന ചെയ്ത് ചില മണിക്കൂറുകൾക്കുള്ളിൽ ദൈവത്തിൽനിന്നുള്ള മറുപടി കൊടുക്കുന്നു. അവരുടെ വാക്കുകേട്ട് പാവത്തുങ്ങൾ തങ്ങളുടെ മക്കളെ വിവാഹം ചെയ്യിക്കുന്നു. പിന്നീട് ആ ബന്ധം തകരുമ്പോൾ പറയുന്നു, ഇത് നിങ്ങളുടെ കുറ്റമാണ്. ഞങ്ങളുടെ ഇസ്തിഖാറ പ്രാർത്ഥന ശരിതന്നെയായിരുന്നുവെന്ന്. ഇതെല്ലാം എന്തുകൊണ്ടാണ് ഉണ്ടാകുന്നത്? സ്വയം പ്രാർത്ഥിക്കുന്നില്ല.

കാര്യങ്ങൾ സ്വയം ശ്രദ്ധിക്കുന്നില്ല. നമസ്കാരം പതിവായി അനുഷ്ഠിക്കുന്നില്ല. കച്ചവടമാക്കിയിട്ടുള്ള ഇത്തരം ആളുകളെക്കുറിച്ച് അന്ധമായിട്ടുള്ള വിശ്വാസമാണ്. ഇത്തരം കാര്യങ്ങളിൽനിന്ന് അഹ്മദികൾ പ്രത്യേകിച്ച് രക്ഷപ്പെടേണ്ടതാണ്. പറയുന്നു) "അല്ലാഹുതആല ഈ വചനത്തിൽ കാര്യങ്ങൾ മനസ്സിലാക്കുന്നവർക്കും ബുദ്ധി ഉപയോഗിക്കുന്നവർക്കും സൂചന നല്കിയിരിക്കുകയാണ്. അതായത് നബിമാരുടെ ശ്രേഷ്ഠതകൾ സൃഷ്ടികർത്താവിന്റെ ശ്രേഷ്ഠതകൾ പോലെയല്ല. അല്ലാഹു തന്റെ സത്തയിൽ തനിച്ചുള്ളവനാണ്. അനന്യാശ്രയനാണ്. ഏകനാണ്. അവന്റെ സത്തയിലും ഗുണത്തിലും പങ്കാളിയായി ആരുമില്ല. പക്ഷേ, നബി അങ്ങനെയല്ല. മറിച്ച്, അല്ലാഹുതആലാ അവരുടെ സത്യസന്ധരായ അനുയായികളിൽനിന്ന് അവരുടെ അനന്തരാവകാശികളെ സൃഷ്ടിക്കുന്നു. അവരുടെ സമുദായം അവരുടെ അനന്തരാവകാശികളാണ്. അവരുടെ നബിക്ക് കിട്ടിയതെല്ലാം അവരും പ്രാപിക്കുന്നു. നിബന്ധനയെന്താണെന്ന് വെച്ചാൽ, അവരെ പൂർണ്ണമായും അനുസരിക്കണമെന്ന് മാത്രം. ഇതിലേക്കാണ് അല്ലാഹു ഈ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُوْنِي يُحْبِبْكُمُ اللَّهُ നോക്കുക, എങ്ങനെയാണ് അല്ലാഹു സമുദായത്തിലെ അംഗങ്ങളെ തന്റെ സ്നേഹിതരായി നിശ്ചയിച്ചിരിക്കുന്നത്. സ്നേഹിതന്മാരുടെ നേതാവായ(സ)വരെ പിൻപറ്റുകയും ആ മഹാത്മജന്റെ ജീവിതമാതൃകയനുസരിച്ച് നടക്കുകയും ചെയ്യണമെന്ന് മാത്രം."

ഇസ്‌ലാമിന്റെ പേര് ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യമാണെന്ന് വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "വിശുദ്ധഖുർആനിൽ ഇതിന്റെ പേരുതന്നെ ഇസ്തിഖാമത്ത് എന്നാണ് വെച്ചിട്ടുള്ളത്." (ഇസ്‌ലാമിന്റെ നാമം ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം എന്നു വെച്ചിരിക്കുന്നു) ഇങ്ങനെ ദുആ ചെയ്യാൻ അവൻ പഠിപ്പിക്കുന്നതുപോലെ اهْدِنَا الصِّرَاطَ الْمُسْتَقِيمَ o صِرَاطَ الَّذِيْنَ أَنعَمْتَ عَلَيْهِمْ അതായത് ഞങ്ങളെ സ്ഥൈര്യത്തിന്റെ വഴിയിൽ നിലനിറുത്തേണമേ; നിന്നിൽനിന്ന് അനുഗ്രഹം പ്രാപിച്ചവരുടെ വഴിയിൽ. അല്ലെങ്കിൽ ആരിലാണോ ആകാശീയമായ കവാടങ്ങൾ തുറക്കുന്നത് അവരുടെ വഴിയിൽ. അറിയുക, ഓരോ വസ്തുവിന്റേയും സ്ഥൈര്യത്തിന്റെ രചന അതിന്റെ അടിസ്ഥാനപരമായ കാര്യത്തിൽ ദൃഷ്ടിപതിപ്പിച്ചാണ് മനസ്സിലാക്കപ്പെടുന്നത്." (ഇസ്തിഖാമത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യത്തിൽ ദൃഷ്ടിവെച്ചുകൊണ്ട് അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുന്നു) "മനുഷ്യന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം, മനുഷ്യകുലം അല്ലാഹുവിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്." (മനുഷ്യനെ സൃഷ്ടിച്ചതിന്റെ അടിസ്ഥാനയുദ്ദേശ്യം, മനുഷ്യൻ അല്ലാഹുവിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്.) "മനുഷ്യന്റെ ഇസ്തിഖാമത്തിന്റെ രചന എന്നു പറയുന്നത്, അവൻ അനശ്വരമായ അനുസരണത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. അങ്ങനെ തന്നെ യഥാർത്ഥത്തിൽ അവൻ അല്ലാഹുവിന്റേതായിത്തീരണം. അവന്റെ സകല കഴിവുകളും അല്ലാഹുവിനുവേണ്ടിയാകുമ്പോൾ, അവനിൽ അനുഗ്രഹം ഇറങ്ങും എന്നതിൽ ഒരു സംശയവുമില്ല. ഇതിനെ മറ്റു വാക്കുകളിൽ പരിശുദ്ധജീവിതം എന്നു പറയുന്നു. ഏതുപോലെ നിങ്ങൾ കാണാറുള്ളതാണ്, സൂര്യന്നഭിമുഖമായുള്ള ജനൽപാളി തുറക്കുമ്പോൾ സൂര്യന്റെ കിരണങ്ങൾ തീർച്ചയായും അതിനുള്ളിൽ പ്രവേശിക്കുന്നു..... ആ പരിശുദ്ധജീവിതം പ്രാപിക്കേണ്ട സ്ഥാനം ഇതേ ദുൻയാവാണ്. ഇതിലേക്ക് സൂചന നല്കിക്കൊണ്ട് പ്രതാപവാനായ അല്ലാഹു പറയുന്നു:

مَنْ كَانَ فِيْ هَذِهِ أَعْمَى فَهُوَ فِي الآخِرَةِ أَعْمَى وَأَضَلُّ سَبِيلاً

ആരാണോ ഈ ലോകത്ത് അന്ധനായിരിക്കുന്നത്, അല്ലാഹുവിനെ കാണാനുള്ള പ്രകാശം അവന് ലഭിച്ചില്ല. അവൻ ആ ലോകത്തും അന്ധനായിരിക്കും."

ആന്തരികമായ ഈ മാലിന്യങ്ങൾ യാതൊരു പരിശ്രമവും കൂടാതെ ഒറ്റയടിക്ക് അകലുകയില്ല. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ ഇതിന് നിരന്തരമായ കഠിനാധ്വാനം ആവശ്യമുണ്ട്. പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ട്. അപ്പോൾ അല്ലാഹുവിന്റെ പ്രവൃത്തി പ്രകടമാകും. അവൻ ക്ഷണത്തിൽ മനുഷ്യനെ തന്റെ പ്രകാശത്തിൽ പൊതിഞ്ഞെടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: "മനുഷ്യന്റെ ഇസ്മെ അഅ്ളം, ഇസ്തിഖാമത്താണ്. അത് വിശദീകരിച്ചുകൊണ്ട് പറയുന്നു. ഇസ്മെ അഅ്ളം കൊണ്ടുള്ള ഉദ്ദേശ്യം ഏതു രീതിയിലൂടെയാണ് മനുഷ്യന് മനുഷ്യത്വത്തിന്റെ ശ്രേഷ്ഠതകൾ ലഭിക്കുക അതാണ്. മനുഷ്യൻ, മനുഷ്യത്വത്തിൽ പുരോഗതി പ്രാപിക്കുമ്പോൾ അവനോട് പറഞ്ഞു, അതാണ് ഇസ്തിഖാമത്ത്. അതാണ് ഇസ്മെഅഅ്ളം. പറഞ്ഞു: "അല്ലാഹു ***സ്വിറാത്തെമുസ്തഖീമിൽ*** ഇതിലേക്കാണ് സൂചന നല്കുന്നത്."

മനുഷ്യത്വത്തിൽ അതിരില്ലാത്ത ശ്രേഷ്ഠതകളുണ്ട്. ഓരോ മനുഷ്യനും ഓരോ വിശ്വാസിയും തങ്ങളുടെ കഴിവിനൊത്ത് അത് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. ഇതുതന്നെയാണ് ***ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമിന്റെ*** വിശാലത. ഇതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. ദുആ ചെയ്യേണ്ട ഉത്തരവാദിത്വത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദുആയെ കുറിച്ച് ഇത് ഓർമ്മവയ്ക്കേണ്ടതാണ്. അല്ലാഹുതആല സൂറഫാത്തിഹായിൽ ദുആ പഠിപ്പിച്ചിരിക്കുന്നു.

اهْدِنَا الصِّرَاطَ الْمُسْتَقِيمَ o صِرَاطَ الَّذِيْنَ أَنعَمْتَ عَلَيْهِمْ

ഇതിൽ മൂന്ന് കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്. 1) മനുഷ്യരാശിയെ മുഴുവൻ ഇതിൽ പങ്കാളിയാക്കുക. 2) എല്ലാ മുസ്‌ലിംകളേയും നിങ്ങളുടെ ദുആയിൽ ഉൾപ്പെടുത്തുക. അല്ലാഹു അവരേയും ***സ്വിറാത്തെമുസ്തഖീമിൽ*** നയിക്കുമാറാകട്ടെ. 3) ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരേയും ഓർക്കുക. ഇപ്രകാരം മുഴുവൻ മാനവരാശിയും ഇതിൽ പെടുന്നതാണ്. ഈ ഉദ്ദേശ്യമാണ് അല്ലാ

ഹുവിനുള്ളത്. കാരണം ഇതിനു മുമ്പേ ഈ അധ്യായത്തിൽ തന്റെ നാമം رَبُّ الْعَالَمِيْنَ എന്നാണ് അവൻ വെച്ചിട്ടുള്ളത്. അത് പൊതുവെ എല്ലാവരോടും സഹാനുഭൂതി കാണിക്കാൻ പ്രേരിപ്പിക്കുന്നു. അതിൽ മൃഗങ്ങളും പെടും. പിന്നീട് തന്റെ നാമം الرَّحْمٰنِ എന്നു വെച്ചിരിക്കുന്നു. ഈ നാമം മനുഷ്യകുലത്തോട് അനുകമ്പ കാണിക്കാൻ പ്രചോദനം നല്കുന്നു. കാരണം റഹ്മത്ത് മനുഷ്യനുമായി പ്രത്യേകപ്പെട്ടതാണ്. പിന്നീട് തന്റെ നാമം الرَّحِيْمِ എന്നു വെച്ചിരിക്കുന്നു. ഈ നാമം മുഅ്മിനീങ്ങളോട് ദയ കാണിക്കാൻ പ്രേരണ നല്കുന്നു. കാരണം റഹീം എന്ന പദം മുഅ്മിനുമായി മാത്രം ബന്ധപ്പെട്ടതാണ്. പിന്നീട് തന്റെ നാമം مَالِكِ يَوْمِ الدِّيْنِ എന്നു വെച്ചിരിക്കുന്നു. ഈ നാമം നിലവിലുള്ള ജമാഅത്തിനോട് ദയ കാണിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. കാരണം يَوْمِ الدِّيْنِ എന്ന നാൾ അല്ലാഹുവിന്റെ മുന്നിൽ ജമാഅത്തുകൾ ഹാജരാകുന്ന നാളാണ്. ഈ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ اهْدِنَا الصِّرَاطَ الْمُسْتَقِيْمَ ഒരു പ്രാർത്ഥനയാണ്. ഈ പ്രാർത്ഥനയിൽ എല്ലാ മനുഷ്യരോടുമുള്ള അനുകമ്പ അടങ്ങിയിരിക്കുന്നുവെന്ന് മനസ്സിലാകുന്നു. ഇസ്‌ലാമിന്റെ അടിത്തറയും, എല്ലാവരോടും നന്മ കാംക്ഷിക്കുന്നവരാകുക എന്നതാണ്."

ഈ എല്ലാ കാര്യങ്ങളും നമ്മൾ കേട്ടു. ഇതെല്ലാം നമ്മോടാവശ്യപ്പെടുന്നത് ലോകത്തിന്റെ സന്മാർഗ്ഗത്തിനു വേണ്ടി പ്രാർത്ഥിക്കുക എന്നതാണ്. മുസ്‌ലിംകളുടെ സന്മാർഗ്ഗപ്രാപ്തിക്കുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹുതആല മനുഷ്യകുലത്തേയും നാശങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഇക്കാലത്ത് അല്ലാഹുവിനെ മറന്നുകൊണ്ട് മനുഷ്യത്വം കത്തിക്കരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു രാജ്യം മറ്റൊരു രാജ്യത്തോട് ഉള്ളിൽ വെറുപ്പു വെച്ചു പുലർത്തുന്നു. പരസ്പരം നഷ്ടങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നു. മഹായുദ്ധത്തിന്റെ വലിയ വ്യക്തമായ സാധ്യത കണ്ടുകൊണ്ടിരിക്കുന്ന സ്ഥാനത്തേക്ക് ലോകം ദ്രുതഗതിയിൽ നീങ്ങുകയാണ്. ഇതുമുഖേന വീണ്ടും മനുഷ്യത്വം നശിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ഈ ദുആ പ്രത്യേകമായും നാം ചെയ്തുകൊണ്ടിരിക്കണം. അല്ലാഹു എല്ലാ അഹ്മദികളേയും സുരക്ഷിതമായി വയ്ക്കുന്നതിനോടൊപ്പം, യുദ്ധത്തിന്റെ ഉപദ്രവങ്ങളിൽനിന്നും അതിന്റെ അപകടങ്ങളിൽനിന്നും മുസ്‌ലിം ഉമ്മത്തിനേയും സകല മനുഷ്യരേയും സുരക്ഷിതമായി വയ്ക്കുമാറാകട്ടെ. ഒരു ഭാഗത്തൂടെ നോക്കുകയാണെങ്കിൽ ലോകം തികച്ചും അഗ്നിയുടെ വക്കിലാണ് നില്ക്കുന്നത്. ഏതു സമയവും അത് തകരാം. ഭയാനകമായ വിപത്ത് വരികയും ചെയ്യാം. അതുകൊണ്ട് കൂടുതൽ പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്. ഇതിലേക്ക് നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

ഇന്ന് ദുൻയാവിൽ ആർക്കെങ്കിലും ലോകത്തെ രക്ഷിക്കാൻ കഴിയുമെങ്കിൽ അത് അഹ്മദികളുടെ പ്രാർത്ഥനകൾക്കു മാത്രമേ കഴിയുകയുള്ളൂ. ഇക്കൂട്ടരാണ് യഥാർത്ഥ വിശ്വാസികളുടെ ജമാഅത്തിൽ പെട്ടവർ. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്താണ്. അതുകൊണ്ട് സ്വന്തം ഉള്ളിലും മാറ്റമുണ്ടാക്കിക്കൊണ്ട് ലോകത്തിന്റെ നാശങ്ങളെ മുന്നിൽ കണ്ടുകൊണ്ട് പ്രത്യേകിച്ച് ധാരാളമായി ദുആ ഇരക്കുക. അല്ലാഹു നമുക്കിതിന് സൗഭാഗ്യം നല്കുമാറാകട്ടെ.

**Khuthba**
Hadhrat Mirza Masroor Ahmad, Khalifathul Masih V
on 13.02.2009 at Baithul Futuh, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala